

WEDNESDAY 01-06-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Sunilkumar R    Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-01/06/2022.

1. ലോക ക്ഷീരദിനാചരണത്തിന്റെയും ക്ഷീരവാരാചരണത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (ജൂൺ 1-ന്) പകൽ 12 മണിക്ക് തിരുവനന്തപുരം, കോവളം, വെള്ളാർ കേരള ആർട്സ് ആന്റ് ക്രാഫ്റ്റ് വില്ലേജിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കേരള മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഇതിനോടനുബന്ധിച്ച് ശില്പശാലയും സംഘടിപ്പിച്ചിരിക്കുന്നു.

2. കാർഷിക അടിസ്ഥാന സൗകര്യ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് -AIF) നടപ്പിലാക്കുന്നു. ഈ പദ്ധതി ശീതീകരണ സംഭരണികൾ, സംഭരണ കേന്ദ്രങ്ങൾ, സംസ്കരണ ഘടകങ്ങൾ തുടങ്ങി സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനു സഹായകരമാകുന്നു. കൂടാതെ വിളവെടുപ്പിന് ശേഷമുള്ള നഷ്ടം പരമാവധി കുറയ്ക്കാൻ ഈ പദ്ധതി സഹായിക്കും. ഈ ധനസഹായ പദ്ധതിയുടെ സവിശേഷതകൾ ഇനി പറയുന്നു. 2020-21 മുതൽ 2032-33 വരെ 13 വർഷമാണ് പദ്ധതിയുടെ കാലാവധി. 2 കോടി രൂപ വരെ 3 ശതമാനം പലിശ ഇളവ് പദ്ധതി പ്രകാരം ലഭിക്കുന്നതാണ്. 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് ഗവൺമെന്റ് ക്രെഡിറ്റ് ഗ്യാരണ്ടി നൽകുന്നതാണ്. 2 വർഷം മൊറട്ടോറിയം ഉൾപ്പെടെ 7 വർഷമാണ് തിരിച്ചടവ് കാലാവധി. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങളും ഇതോടൊപ്പം ലഭ്യമാകുന്നതാണ്. വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, എൻ ബി എഫ് സി-കൾ, എൻ.സി.ഡി.സി, കേരള ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തിരം വായ്പ ലഭ്യമാകും. കേന്ദ്ര സർക്കാർ സഹായത്തോടു കൂടി പ്രവർത്തിക്കുന്ന https://agriinfra.dac.gov.in/ എന്ന ഓൺലൈൻ പോർട്ടൽ വഴിയാണ് അപേക്ഷ നൽകേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് **916235277042 (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം) , 917010994083 (ഇടുക്കി, എറണാകുളം),**

**918075480273 (തൃശൂർ, പാലക്കാട്, മലപ്പുറം), 918921785327 (വയനാട്, കോഴിക്കോട്), 918547565214 (കണ്ണൂർ, കാസർകോഡ്)** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. റബ്ബർതോട്ടങ്ങളിലെ തേനീച്ചക്കോളനികളുടെ മഴക്കാല പരിചരണത്തെക്കുറിച്ചറിയാനും സംശയങ്ങൾ ദൂരീകരിക്കാനും റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് നടത്തുന്ന തേനീച്ചവളർത്തൽ കോഴ്സിലെ പരിശീലകൻ (ജൂൺ 2) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഫോണിലൂടെ മറുപടി നൽകും. **0481 2576622** എന്നതാണ് കോൾസെന്റർ നമ്പർ.

4. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ പൂവൻ കോഴിക്കുഞ്ഞുങ്ങൾ ഒരെണ്ണത്തിന് 10 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471–2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ വെണ്ട, തക്കാളി, വഴുതന, പാവൽ, കറിവേപ്പ്, പുതിന, വള്ളി ചീര, മുരിങ്ങ (അനുപമ) എന്നിവയുടെ തൈകൾ വില്പനയ്ക്കുണ്ട്. വില്പന സമയം 9 മുതൽ 4 വരെ. കൂടുതൽ വിവരങ്ങൾക്ക് **9188248481** എന്ന ഫോൺ നമ്പറിൽ ബന്ധപെടുക.

6. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കുന്ന പദ്ധതികൾക്ക് വേണ്ടി അഞ്ച്, പത്ത് കോഴികളെ വീതം വളർത്താൻ പര്യാപ്തമായ കൂടുകൾക്ക് വേണ്ടി ഇ-ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറുകൾ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 20 ആണ്. കൂടുതൽ വിവരങ്ങൾക്ക് www.kepco.co.in, www.kepconews.blogspot.com എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

7. മനുഷ്യർക്കുള്ള ആധാർ നമ്പർ പോലെ മൃഗങ്ങൾക്കും ഒറ്റത്തവണ തിരിച്ചറിയൽ കാർഡ് നമ്പർ പ്രാബല്യത്തിൽ വന്നു. നിലവിൽ മൃഗങ്ങളുടെ കാതുകളിൽ കമ്മൽ ആയി ഉപയോഗിക്കുന്ന മഞ്ഞ പ്ലാസ്റ്റിക് ടാഗിന് പകരമായുള്ള ശാശ്വതപരിഹാരം ആണ് ഈ മൈക്രോ ചിപ്പ്. മൃഗങ്ങളുടെ തൊലിക്കടിയിൽ ഉപയോഗിക്കുന്ന RFID (റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ) മൈക്രോ ചിപ്പ് ഓരോ മൃഗങ്ങളുടെയും ജീവിതരേഖകൾ, ആരോഗ്യപുരോഗതി,ഇൻഷുറൻസ് എന്നീ രംഗത്ത് വൻ

മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ കാരണമാകും. 'റീ ബിൽഡ് കേരള' യിൽ ഉൾപ്പെടുത്തിയ ഇ -സമൃദ്ധ പദ്ധതിയുടെ ഭാഗമായുള്ള RFID മൈക്രോചിപ്പ്, പത്തനംതിട്ട ജില്ലയിൽ പൈലറ്റ് പ്രൊജക്റ്റ് ആയി ആരോഗ്യ മന്ത്രി വീണ ജോർജ് ആധ്യക്ഷ്യം വഹിച്ച ചടങ്ങിൽ, മൃഗ സംരക്ഷണ ക്ഷീര വികസനവകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു. രാജ്യത്തിനു പോലും മാതൃകയാക്കി കേരള സർക്കാർ മൃഗസംരക്ഷണ വകുപ്പ് പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കുന്ന RFID മൈക്രോചിപ്പ് പദ്ധതി മുഴുവൻ ജില്ലകളിലേക്കും ഉടൻ വ്യാപിപ്പിക്കുമെന്ന് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. പത്തനംതിട്ട ഓമല്ലൂർ എ ജി ടി ഗ്രീൻ ഗാർഡൻ ഫാമിലെ 'അമ്മിണി'എന്ന പശുവിലാണ് ഈ പദ്ധതി പ്രകാരം ആദ്യത്തെ മൈക്രോ ചിപ്പ് ഘടിപ്പിച്ചത്.

## പരിശീലന പരിപാടികൾ

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ജൂൺ 3, 4 തീയതികളിൽ **തീറ്റപ്പുൽക്കൃഷി**യിൽ പരിശീലനം നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കായിരിക്കും പരിശീലനത്തിൽ പങ്കെടുക്കാൻ പറ്റുക. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവരും ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. താത്പര്യമുള്ളവർ ജൂൺ 2-നു വൈകുന്നേരം 5 മണിക്ക് മുമ്പായി **8075028868, 9847437232, 0476-2698550** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, രണ്ട് ഡോസ് കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

9. മലമ്പുഴ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ജൂൺ 02-ന് (02/06/22ന്) രാവിലെ 10 മണി മുതൽ 4 മണി വരെ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0491 - 2815454** എന്ന ഫോൺ നമ്പറിലേക്ക് വിളിച്ചോ, **9188522713** എന്ന നമ്പരിലേക്ക് വാട്ട്സാപ്പ് സന്ദേശം അയച്ചോ മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനത്തിന് പങ്കെടുക്കുന്നവർ ആധാർ കാർഡ് കൊണ്ടുവരേണ്ടതാണെന്ന് മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കാർഷിക നിർദ്ദേശങ്ങൾ**

10. മഴക്കാലത്തെ കാർഷിക വിളപരിപാലനത്തിന് കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രികൾച്ചർ കാലാമിറ്റി മാനേജ്മെന്റ് സെല്ലും, ഗ്രാമീണ കൃഷി മൗസം സേവ തൃശ്ശൂരും സംയുക്തമായി കർഷകർക്കു നൽകുന്ന നിർദേശങ്ങൾ താഴെ ചേർക്കുന്നു. തുടർച്ചയായ മഴമൂലം അന്തരീക്ഷത്തിലെ ഈർപ്പം കൂടുന്നതിനാൽ കാർഷികവിളകൾക്ക് വിവിധ കുമിൾ രോഗബാധകളുണ്ടാകാനുള്ള സാധ്യതയുണ്ട്. ഓരോ വിളകൾക്കുമുള്ള മഴക്കാല പരിചരണമുറകൾ താഴെ ചേർക്കുന്നു.

a) തെങ്ങ് : തെങ്ങിന്റെ മണ്ട വൃത്തിയാക്കുക. തെങ്ങിന്റെ തടം തുറക്കുക. കൂമ്പ് ചീയൽ രോഗത്തിനു മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തെങ്ങിന്റെ മണ്ടയിൽ നല്ലവണ്ണം വീഴത്തക്കവണ്ണം കുളിർക്കെ തളിച്ചുകൊടുക്കുക. കൂടാതെ ട്രൈക്കോഡെർമ്മ കേക്ക് ഒരു തെങ്ങിന് രണ്ടെണ്ണം വീതം കൂമ്പോല കവിളിൽ വച്ചുകൊടുക്കുക.

b) വാഴ : 500 ഗ്രാം കുമ്മായം കാലവർഷത്തിന് മുൻപായി ഇട്ടുകൊടുക്കുക. ശക്തമായ കാറ്റത്തും, മഴയത്തും വാഴകൾ വീഴാതിരിക്കാൻ ആവശ്യമായ താങ്ങുകാലുകൾ നൽകുക. വാഴയിൽ ഇലപ്പുള്ളിരോത്തിനു മുൻകരുതലായി സ്യൂഡാമോണാസ് ലായനി വാഴയിൽ കുളിർക്കെ തളിക്കുക. 20 ഗ്രാം സ്യൂഡാമോണാസ് അല്ലെങ്കിൽ 5 മില്ലി സൂഡാമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ ലയിപ്പിച്ച് സ്യൂഡാമോണാസ് ലായിനി തയ്യാറാക്കാം. രോഗം ബാധിച്ച ഇലകൾ ഉടനടി വെട്ടിമാറ്റി മണ്ണിൽ കുഴിച്ചു മൂടുകയോ, കുമിൾ നാശിനി തളിച്ചു നശിപ്പിക്കുകയോ ചെയ്യുന്നതുവഴി രോഗം പടരാതെ നോക്കാം. രണ്ടു മില്ലി. ഹെക്സാകോണാസോൾ അല്ലെങ്കിൽ ഒരു മില്ലി പ്രോപ്പികോണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് രോഗം ബാധിച്ച വാഴകളുടെ ഇലകളുടെ അടിയിൽ പതിയത്തക്കവണ്ണം പശചേർത്ത് കുളിർക്കെ തളിക്കുക. വാഴയുടെ മാണഅഴുകൽ രോഗത്തിനു മുൻകരുതലായി ഒരു വലിയ വാഴക്ക് മൂന്നുലിറ്റർ സ്യൂഡാമോണാസ് ലായനി അല്ലെങ്കിൽ ട്രൈക്കോഡെർമ്മ സമ്പുഷ്ട്ട ചാണക ജൈവവളം തടത്തിൽ ഇട്ടുകൊടുക്കുക.

c) കുരുമുളക് : ദ്രുത വാട്ടരോഗത്തിന് മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ചുകൊടുക്കുക. കൂടാതെ 3 ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡ് അല്ലെങ്കിൽ 2ഗ്രാം കോപ്പർ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ചെടിയുടെ ചുവട്ടിൽ ഒഴിച്ചുകൊടുക്കുക, കുളിർക്കെ തളിക്കുക. രണ്ടാഴ്ച ഇടവേളയ്ക്കുശേഷം മാത്രം സൂഡാമോണാസ് ലായനിയുപയോഗിച്ച് മണ്ണ് കുതിർക്കുകയും, ചെടിയിൽ തളിക്കുകയും ചെയ്യുക. കൂടാതെ ഓരോ കുരുമുളകുവള്ളിയുടെയും ചുവട്ടിലും ചെടിയുടെ വളർച്ചക്കനുസരിച്ച് 2.5 കിലോഗ്രാം മുതൽ 5 കിലോഗ്രാം വരെ ട്രൈക്കോഡെർമ്മ സമ്പുഷ്ട ചാണകവളം മണ്ണിൽ ഇട്ടുകൊടുത്ത് നല്ലവണ്ണം ഇളക്കി ചേർക്കുക. ഒരു കിലോഗ്രാം ട്രൈക്കോഡെർമയും, 10 കിലോഗ്രാം വേപ്പിൻപിണ്ണാക്കും, 90 കിലോഗ്രാം ചാണകപ്പൊടിയും ചേർത്ത് തയ്യാറാക്കിയ മിശ്രിതം നേരിയ ഈർപ്പം നിലനിർത്തക്കവണ്ണം രണ്ടാഴ്ച്ചത്തേക്ക് തണലത്തുവച്ച് ട്രൈക്കോഡെർമ്മ സമ്പുഷ്ട ചാണകവളം തയ്യാറാക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം